പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3389 — 14/10/2011 ൽ മറുപടിയ്ക്ക്

## വയോജന നയത്തിലെ കർമ്മ പദ്ധതികൾ

ചോദ്യം — ഉത്തരം

ശ്രീ. ജി. സുധാകരൻ : — ഡോ. എം.കെ. മുനീർ:
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്; | (എ) വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ സംസ്ഥാന കൗൺസിലും ജില്ലാതല കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.<br>വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനുമായി വയോജന കൗൺസിൽ അംഗങ്ങളുടെ സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് .<br>മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007, റൂൾസ് 2009 നിലവിൽ വന്നിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റേയും പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | ഓരോ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലാ കളക്ടർമാരെ ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർ മാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി പദവി നൽകുകയും ചെയ്തിട്ടുണ്ട്<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് .<br>ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നതും ചികിത്സയ്ക്കു ശേഷം സംരക്ഷിക്കാനാളില്ലാത്തതു കാരണം ആശുപത്രികളിൽ തന്നെ കഴിഞ്ഞുവരുന്നതുമായ വൃദ്ധജനങ്ങളെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൃദ്ധസദനങ്ങൾക്കും ഡേ കെയർ സെന്ററുകൾക്കും ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതി അനുവദിച്ചിട്ടുണ്ട് . വയോജന നയത്തിന്റെ അടിസ്ഥാനത്തിൽ ഇവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വയോമിത്രം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി |
| (ബി) പുതിയ വയോജന നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല |
| (സി) വയോജന ഉപദേശക സമിതി രൂപീകൃതമായിട്ടുണ്ടോ; ഇതിലെ അംഗങ്ങൾ ആരൊക്കെയാണ് ; | (സി) വയോജന ഉപദേശക സമിതി രൂപീകരിച്ചിട്ടില്ല |

| | |
|---|---|
| (ഡി) വയോമിത്രം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലേയും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളിലൂടെ 65 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് ആംബുലൻസ്, ഹെൽപ്പ് ഡെസ്ക്ക്, മൊബൈൽ ക്ളിനിക്ക്, പാലിയേറ്റീവ് ഹോംകെയർ യൂണിറ്റ് എന്നിവയുടെ സേവനം ലഭ്യമാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ